പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2748 | 20/06/2013 ൽ മറുപടിയ്ക്ക്

## അക്ഷയ കേന്ദ്രങ്ങളിലൂടെയുള്ള റവന്യൂ വകുപ്പിന്റെ സേവനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പ് നൽകി വന്നിരുന്ന സർട്ടിഫിക്കറ്റുകൾ അക്ഷയകേന്ദ്രം മുഖേന നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) വില്ലേജ് ഓഫീസുകളിൽ നിന്നും നൽകി വന്നിരുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസറുടെ ഡിജിറ്റൽ ഒപ്പോടു കൂടി അക്ഷയകേന്ദ്രങ്ങൾ മുഖേന നൽകി വരുന്നുണ്ട്. |
| (ബി) വിവിധ സർട്ടിഫിക്കറ്റുകൾക്കായി അക്ഷയ കേന്ദ്രങ്ങൾ മുഖേന അപേക്ഷ നൽകുമ്പോൾ കറന്റ് ഇല്ല, സർവർ കേടാണ് എന്നൊക്കെയുള്ള കാരണത്താൽ സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇതു സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (സി) വിദ്യാഭ്യാസ ആവശ്യങ്ങൾക്കും മറ്റുമായി അടിയന്തിരമായി സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുമ്പോൾ യഥാസമയം അപേക്ഷകർക്ക് അവ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) ഇ- ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ വില്ലേജ് ഓഫീസിൽ നിന്നും നേരിട്ടുതന്നെ ജനങ്ങൾക്ക് ഇപ്പോഴും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതാണ്. കൂടാതെ എല്ലാ ജില്ലാ ഇ-ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേറ്റർമാർ, സ്റേറ്റ് ഐ.റ്റി. സെൽ. നോഡൽ ഓഫീസർ, ലാന്റ് റവന്യൂ കമ്മീഷണർ, റവന്യൂ സെക്രട്ടറി, എന്നിവർക്കും ഈ പദ്ധതി പ്രകാരമുള്ള സർട്ടിഫിക്കറ്റുകളുടെ വിതരണം നിരീക്ഷിക്കാൻ ഓൺലൈൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ